# സ്ത്രീ ശാക്തീകരണവും രാഷ്ട്രീയ പാർട്ടികളുടെ ഇരട്ടത്താപ്പുകളും

അഡ്വ. കെ.പി മറിയുമ്മ



**ഭരണഘടനാപരമായ** അവകാശങ്ങളെ പൂർണമായും ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ സ്ത്രീക്ക് സാധ്യമാവുക എന്നതാണ് സ്ത്രീസ്വാതന്ത്ര്യം. ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ സ്വാതന്ത്ര്യ ബോധം സ്ത്രീകളിൽ അങ്കുരിക്കും. ചരിത്രത്തിലെ ഏറ്റവും വലിയ സ്ത്രീവിമോചകൻ മുഹമ്മദ് നബിയാണ്. സ്ത്രീക്ക് ജീവിക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത്, സ്വത്തവകാശമില്ലാതിരുന്ന കാലത്ത് ജീവിക്കാനുള്ള അവകാശം വകവെച്ചുകൊടുത്തതോടൊപ്പം പുരുഷനു ലഭിക്കുന്ന സ്വത്തിന്റെ പാതി അവകാശം ഇസ്‌ലാം സ്ത്രീക്ക് നൽകി. അതോടൊപ്പം തന്നെ തന്റെ സ്വത്തിന്റെ പൂർണ ക്രയവിക്രയ സ്വാതന്ത്ര്യം സ്ത്രീക്ക് വകവെച്ചുകൊടുത്തു. എന്നാൽ പല മതസമൂഹങ്ങളിലും സ്ത്രീക്ക് സ്വയം അധ്വാനിച്ചുണ്ടാക്കുന്ന ധനം വരെ ഭർത്താവിന്റെ അനുവാദമില്ലാതെ ഉപയോഗിക്കാൻ അവകാശമില്ലാത്തത്ര വിധേയത്വം സ്ത്രീകൾക്ക് പ്രകടിപ്പിക്കേണ്ടി വരുന്നു. സ്ത്രീപീഡനക്കേസുകളിൽ പലതിലും സ്ത്രീകളുടെ പരാതി, ബസ് ചാർജ് കൊടുക്കാൻ വരെ സമ്മതം വാങ്ങണമെന്നും, എന്നാൽ പലപ്പോഴും അതിനു വരെ ഭർത്താവ് സമ്മതിക്കാറില്ലെന്നുമാണ്. എന്നാൽ ഇസ്‌ലാം സമ്പൂർണമായ ക്രയവിക്രയ സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം സ്ത്രീക്ക് ഒരു ബാധ്യതയും നിശ്ചയിച്ചിട്ടുമില്ല. സ്ത്രീ അബലയോ ദുർബലയോ അല്ല. സ്ത്രീയെ നല്ല വിജ്ഞാനവും സ്വഭാവവും പഠിപ്പിച്ചാൽ സ്ത്രീ സ്വയംപര്യാപ്തയാവും. ഇങ്ങനെ ആവാതിരിക്കുന്നത് പോലും പലപ്പോഴും സ്ത്രീകളുടെ ദൗർബല്യത്തിന് ആക്കംകൂട്ടുന്നു. സ്ത്രീ വിദ്യാസമ്പന്നയാവുകയും ധാർമികബോധം ഉൾക്കൊള്ളുകയും ചെയ്യുന്നതോടൊപ്പം, സാമൂഹിക സാംസ്കാരിക വളർച്ചക്കുള്ള പരിജ്ഞാനങ്ങൾ നേടണം. നാടിന്റെയും സമൂഹത്തിന്റെയും ചലനങ്ങളെക്കുറിച്ച് ബോധവതികളാവണം. സാമൂഹിക പ്രശ്നങ്ങളിൽ പ്രതികരിക്കാൻ സ്ത്രീകൾക്ക് കഴിയണം. ഇങ്ങനെയാവുമ്പോഴേ സ്ത്രീശാക്തീകരണം അർഥവത്താവൂ.

## ഫെമിനിസത്തിന്റെ പരിമിതി

പുരുഷനെ ധിക്കരിക്കുക, കുടുംബ ഛിദ്രതയുണ്ടാവുന്ന തരത്തിൽ സ്ത്രീ–പുരുഷ വേർതിരിവ് സൃഷ്ടിക്കുക–ഇതാണ് പാശ്ചാത്യ ഫെമിനിസ്റ്റുകളുടെ മുഖ്യ അജണ്ട. ഇത് തികച്ചും അബദ്ധവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. പുരുഷനു ശരിയായ പരിഗണനയും അവകാശവും വകവെച്ചുകൊടുക്കാൻ കഴിയണം. ചാനലുകൾ പാശ്ചാത്യ സംസ്കാരത്തെ പാലൂട്ടി വളർത്താൻ ശ്രമിക്കുന്നു. ഇത് സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ അപ്പടി പിന്തുടരുന്നു. ഈ നിലപാട് പിന്തുടരുന്നത് കുടുംബ തകർച്ചക്ക് കളമൊരുക്കുന്നു. എല്ലാ മതങ്ങളും മാന്യമായ കുടുംബജീവിതത്തെ അംഗീകരിക്കുന്നു. മതപശ്ചാത്തലമുള്ള കുടുംബങ്ങൾ സുഭദ്രവും കൂടുതൽ സന്തുഷ്ടവുമായി കാണുന്നു. എന്നാൽ ഈ വസ്തുത അവഗണിക്കാനാണ് പല ഫെമിനിസ്റ്റ് ഗ്രൂപ്പുകളും ശ്രമിച്ചു കാണുന്നത്. ഇത് ആശാസ്യമായി തോന്നുന്നില്ല.

എന്നാൽ ഫെമിനിസ്റ്റ് ഗ്രൂപ്പുകളെ അടക്കി ആക്ഷേപിക്കാൻ കഴിയില്ല. പലതും താഴേ തട്ടിലുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നവയാണ്. സമൂഹത്തിലെ താഴേക്കിടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന ഇത്തരം ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ പബ്ലിസിറ്റിയോ മറ്റു താൽപര്യങ്ങളോ ഇല്ലാതെ സ്ത്രീവിമോചനം മാത്രം ലക്ഷ്യം വെക്കുന്നു. മുതലാളിത്ത ജീവിതരീതികളെയും അരാജകത്വ പ്രവണതകളെയും എതിർക്കുന്നതോടൊപ്പം സുശക്തമായ സ്ത്രീ കൂട്ടായ്മയും സ്ത്രീശാക്തീകരണവും ഇവ ലക്ഷ്യമിടുന്നതായി കാണാം. മുസ്‌ലിം സ്ത്രീകൾക്കിടയിലും ക്രിസ്ത്യൻ മിഷനറികൾക്ക് കീഴിലും ഇത്തരം കൂട്ടായ്മകൾ ഉണ്ട്.

കമ്യൂണിസത്തിന് പരിധികളും പരിമിതികളുമുണ്ട്. ജാതീയതക്കതീതമായി സ്ത്രീപക്ഷത്തുനിന്നുകൊണ്ടുള്ള പോരാട്ടം ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിൽ നിന്നുകൊണ്ടു മാത്രമേ സാധ്യമാവൂ എന്നാണ് കരുതുന്നത്. ഇന്ന് ആഗോള തലത്തിൽ ഇസ്‌ലാമിലെ സ്ത്രീ ചർച്ച ചെയ്യപ്പെടുന്നതിലും ഇസ്‌ലാമോഫോബിയ ലോകാടിസ്ഥാനത്തിൽ ശക്തിപ്പെടുന്നതിലുമൊക്കെ ഇസ്‌ലാം സ്ത്രീക്ക് നൽകുന്ന സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും പങ്കുണ്ടെന്ന് കാണാൻ കഴിയും. ഒരു പ്രത്യയശാസ്ത്രം എന്ന നിലക്ക് ഇസ്‌ലാമിനു മാത്രമേ ഇതിനു സാധിക്കൂ.

## ആത്മവിശ്വാസം വർധിക്കുന്നു

സ്ത്രീകളുടെ കൂട്ടായ്മ, അവരുടെ പ്രതികരണശേഷി, അവരുടെ ആത്മവിശ്വാസം, അവകാശങ്ങളെക്കുറിച്ച തിരിച്ചറിവ് ഇതൊക്കെ വർധിച്ചുവരുന്നു. അതാണ് സമരങ്ങളിലെ സ്ത്രീപങ്കാളിത്തത്തിന്റെയും അവയുടെ വിജയത്തിന്റെയും ചൂണ്ടുപലകകൾ. സ്ത്രീസമരങ്ങൾക്ക് പുരുഷപക്ഷത്തെ പിന്തുണയും ശക്തമായി ഉണ്ടാവേണ്ടതുണ്ട്. ഓരോ സ്ത്രീയും ഒരാളുടെ അമ്മയോ മകളോ സഹോദരിയോ ഭാര്യയോ ആയിരിക്കുമല്ലോ. അതിനാൽതന്നെ അത്തരത്തിലുള്ള ഒരു സപ്പോർട്ട് അനിവാര്യമാണ്. ആ പിന്തുണ ഏതു സമരങ്ങളെയും വിജയിപ്പിക്കും. മുഖ്യധാരാ പ്രസ്ഥാനങ്ങളുടെ പിന്തുണ എന്നത് അവകാശ സമരങ്ങൾക്ക് ഒരനിവാര്യ ഘടകമല്ല. വേദന തിന്നുന്ന മനുഷ്യരുടെ കൂട്ടായ വിലാപങ്ങൾ തീർച്ചയായും ആന്ദോളനങ്ങൾ ഉണ്ടാക്കും. അത് കണ്ടില്ലെന്ന് നടിക്കാൻ അധികാരികൾക്ക് കഴിയില്ല. ഭാവി കേരളത്തിൽ സ്ത്രീശബ്ദം ശക്തമാവും. അധികാര കേന്ദ്രങ്ങളെ അലോസരപ്പെടുത്തുന്ന കൂട്ടായ്മകൾ സൃഷ്ടിച്ചെടുക്കാനും സ്ത്രീസമൂഹത്തിനു സാധിക്കും.

## സംവരണ പ്രശ്നം

രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ചേരിതിരിവില്ലാത്ത ഒരേയൊരു വിഷയം സ്ത്രീ സംവരണമാണെന്നതാണ് ഏറ്റവും കൗതുകകരം. പാർലമെന്റിന്റെ ശീതകാല സമ്മേളനം ഈ വിഷയത്തിൽ പൂർണമായും മൗനമവലംബിച്ചു പിരിയുകയായിരുന്നു. സ്ത്രീസംവരണം ഇത്രയും ഉയർന്ന തോതിൽ ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ പാർട്ടികൾ താഴെ തട്ടിൽനിന്നുതന്നെ ശക്തി പ്രാപിച്ചുവരുന്നത് പുരുഷന്മാരിലൂടെയാണ്. ഓരോ പ്രദേശത്തും പുരുഷന്മാരാണ് രാഷ്ട്രീയ ശക്തികൾക്ക് കരുത്തേകുന്നതിൽ മുൻപന്തിയിലുള്ളത്. ഈ അവസ്ഥ അവഗണിച്ച് അധികാരത്തിൽ എത്തുമ്പോൾ മാത്രം സ്ത്രീകളെ പരിഗണിക്കുന്നതുകൊണ്ട് വിശേഷിച്ച് നേട്ടമൊന്നുമില്ല. രാഷ്ട്രീയ പാർട്ടികൾ മനസ്സുവെച്ചാൽ പ്രത്യേക സംവരണം ഇല്ലാതെതന്നെ സ്ത്രീകളെ മത്സരിപ്പിക്കാൻ കഴിയും. അതിനു പൂർണമായ അവകാശം ഇപ്പോൾതന്നെ നൽകുന്നുണ്ട്.

സംവരണംകൊണ്ട് പല പഞ്ചായത്തുകളും ഭരിക്കാൻ സ്ത്രീകൾക്ക് അവസരം ലഭിച്ചിരുന്നു. ഇതിൽ മിക്കതിലും പുരുഷന്മാരുടെ റിമോട്ട് ഭരണമായിരുന്നു എന്ന വാദം ശരിയല്ല. പല സ്ത്രീ പഞ്ചായത്ത് പ്രസിഡന്റുമാരും നല്ലനിലയിൽ ഭരണം നടത്താൻ പരിശീലിച്ചിട്ടുണ്ട്. കേവലം റബർ സ്റ്റാമ്പുകളാവേണ്ട അവസ്ഥ അവർക്കുണ്ടായിട്ടില്ല. അമ്പതു ശതമാനം സംവരണം ഏർപ്പെടുത്തിയാലും ധാരാളം സ്ത്രീകൾ ഭരണനൈപുണ്യമുള്ളവരായി മാറും. പുരുഷന്മാരേക്കാൾ ആത്മാർഥമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സ്ത്രീകൾക്ക് കഴിയും എന്നത് ഇതിന്റെ ഒരു നേട്ടമായി തന്നെ കാണേണ്ടതുണ്ട്. ഭരണനിർവഹണം എന്നത് ഒരു ഉത്തരവാദിത്വമാണെന്ന് ബോധ്യമാവുകയും തന്റെ ഭരണനിർവഹണം ചോദ്യം ചെയ്യപ്പെടും എന്ന വിശ്വാസം സ്ത്രീക്കുണ്ടാവുകയും ചെയ്യുമ്പോൾ തീർച്ചയായും നല്ല ഭരണകർത്താക്കളാവാൻ സ്ത്രീകൾക്കും കഴിയും.

പർദയിട്ടാൽ മോചനമില്ലെന്ന പ്രചാരണം വ്യാപകമായുണ്ട്. ഇസ്‌ലാമോഫോബിയയുടെ ഭാഗമായാണ് ഈ ഭയപ്പെടുത്തലുകൾ. പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഞങ്ങളെപ്പോലുള്ളവർക്കും ഇതിന്റെ പേരിൽ വിവേചനം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഒരുതരം അറപ്പും അകൽച്ചയും പലരും വെച്ചുപുലർത്തും. അമേരിക്കയും ഇസ്രയേലുമടങ്ങുന്ന ഇസ്‌ലാംവിരുദ്ധ ലോബികൾ ഈ വിവേചനത്തിന് ആക്കം കൂട്ടുന്നു. ഇസ്‌ലാം എന്തെന്ന് ഇന്ന് ലോകം കൂടുതൽ മനസ്സിലാക്കിവരുന്നുണ്ട്. ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിലൂടെ മാത്രമേ മോചനമുള്ളൂ എന്ന് അംഗീകരിക്കുന്നവരുടെ സംഖ്യ അനുദിനം വർധിച്ചുവരുന്നു. ശാസ്ത്രീമായ പല കണ്ടെത്തലുകൾക്കും ഖുർആനിക അടിത്തറകൾ ഉണ്ടെന്നത് കൂടിയാവുമ്പോൾഇസ്‌ലാം തികച്ചും കാലികമാണെന്ന ബോധം അഭ്യസ്ഥവിദ്യർക്കിടയിൽ കൂടി വളർന്നുവരുന്നു. ഇത് ആഗോളതലത്തിൽ ഇസ്‌ലാംവിരുദ്ധ ശക്തികളുടെ പ്രചാരണം ശക്തിപ്രാപിക്കാൻ ഇടയാകുന്നുമുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിഞ്ഞാൽ അതുൾക്കൊള്ളാൻ പലരും സന്നദ്ധമാവുന്നു എന്നതാണ് വസ്തുത. അപ്പോൾ അത്തരക്കാരുടെ എതിർപ്പുകളും പുഛമനോഭാവവും മാറി അവർ പർദയെയും മറ്റും അംഗീകരിക്കാൻ തയാറാകുന്നതായി കാണാൻ കഴിയും. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പൊതുബോധത്തെ സൃഷ്ടിക്കുന്നതിൽ ഇസ്‌ലാമോഫോബിയ ഇനിയും സ്വാധീനിച്ചിട്ടില്ലെന്നുതന്നെയാണ് കരുതേണ്ടത്. വിദ്യാഭ്യാസപരമായും മറ്റും മുസ്‌ലിംസ്ത്രീകൾ വളരുന്നതിനനുസരിച്ച് അവർക്ക് പൊതുസമൂഹത്തിൽനിന്നും കുറേയൊക്കെ അംഗീകാരം ലഭിക്കുന്നത് ശുഭകരമാണ്.

## മാധ്യമ അജണ്ട

മാധ്യമങ്ങൾ ചില പ്രത്യേക ലക്ഷ്യങ്ങൾ നേടുന്നതിനായി ഒരു സമൂഹത്തെ വല്ലാതെ കടന്നാക്രമിക്കുന്നതായി തോന്നിയിട്ടുണ്ട്. ഇത് വല്ലാത്തൊരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. ഇന്നു ചിലരെ ഫോക്കസ് ചെയ്യുന്നു; നാളെ ആരും ഫോക്കസ് ചെയ്യപ്പെടാവുന്നതാണ്. ഇത് തീർത്തും ഭീതിതവും ആശങ്കാജനകവുമാണ്.

## വനിതാ ലീഗ്

വനിതാ ലീഗ് പോയ കാലങ്ങളെ അപേക്ഷിച്ച് കരുത്താർജിച്ചുവരികയാണ്. മുസ്‌ലിം സമൂഹത്തിലെ വ്യത്യസ്ത വേദികളിലുള്ള വനിതാ സംഘടനകളുടെ ഒരു കൂട്ടായ്മക്ക് വനിതാ ലീഗും ശ്രമമാരംഭിക്കും. സ്ത്രീശക്തിയുടെ ഏകോപനം കാലികമായി വളരെ പ്രസക്തമാണെന്ന് സമകാലിക സംഭവവികാസങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട്. ഒറ്റപ്പെടലുകൾ കൂടുതൽ ബലിമൃഗങ്ങളെ സൃഷ്ടിക്കാൻ ഇടയാക്കും.

## വനിതാ സമ്മേളനം

നന്മയിലും ധാർമികതയിലും ഊന്നിക്കൊണ്ടുള്ള ഒരു സ്ത്രീശാക്തീകരണ ചിന്ത കൊണ്ടേ ഫലമുള്ളൂ. സ്ത്രീ ശക്തി അധാർമികതയിലൂന്നിയതാവുമ്പോൾ അത് സമൂഹത്തിന്റെ മൊത്തം തകർച്ചക്ക് കാരണമാവും. നേതൃത്വം നൽകുന്നവർക്ക് ശരിയായ ദിശാബോധം അനിവാര്യമാണ്. അപ്പോഴേ മാറ്റങ്ങളുണ്ടാക്കാൻ കഴിയൂ. ധർമാധിഷ്ഠിത സാമൂഹിക വിപ്ലവം നടക്കേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിക്കുന്ന വനിതാ സമ്മേളനം ഇതിനൊരു നാഴികക്കല്ലായിത്തീരും എന്നാശിക്കുന്നു. ■

*(മുഹമ്മദ് കുട്ടി പൊൻമുണ്ടവുമായി നടത്തിയ സംഭാഷണത്തിന്റെ ലേഖനാവിഷ്കാരം)*